'ഭരണഭാഷ - മാതൃഭാഷ'
ഇമെയിൽ :eephaluvakwa@gmail.com

ഫോൺ: 0484-2626948

# പി.എച്ച്.ഡിവിഷൻ, ആലുവ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ

## നടപടിക്രമം

(ഹാജർ : Er. പ്രിയദർശിനി ബി)

**വിഷയം:** JJM 2020-21 – Vazhakulam Panchayath in Ernakulam District – Phase II – Part 3 – Extension of pipe line in Ward No. 1,2,3 &4 and providing FHTCs – Balance work - പ്രവൃത്തി ലക്ഷ്യപ്രാപ്തിക്കു മുൻപേ റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് –

..............................................................................

കേരള ജല അതോറിറ്റി

നമ്പർ: A1-P-8953/2022 ആലുവ, തീയതി : 18/05/2023

..............................................................................

**പരാമർശം:**
1) ഈ കാര്യാലയത്തിലെ കരാർ ഉടമ്പടി നമ്പർ 02/2022-23 തീയതി 16/4/2022.
2) 2/4/2023 തീയതിയിലെ കരാറുകാരൻ ശ്രീ.യുബൈദുള്ളയുടെ കത്ത്.
3) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. സബ് ഡിവിഷൻ, കെ.ഡബ്ല്യൂ.എ., പെരുമ്പാവൂരിന്റെ കത്ത് തീയതി 3/4/2023.

## ഉത്തരവ്

മേൽ പരാമർശം (1) പ്രകാരം എഗ്രിമെന്റ് വെച്ച് ശ്രീ.യുബൈദുള്ള.എ.എം., കിഴക്കേ അഞ്ജിക്കത്ത് ഹൗസ്,വടകോട് പി.ഒ., കളമശ്ശേരി എന്ന കരാറുകാരൻ Tendered PACയേക്കാൽ 27 ശതമാനം കുറവിൽ ഏറ്റെടുത്തിരിക്കുന്ന മേൽ പ്രവൃത്തിയുടെ കരാർ കാലാവധി മൂന്ന് മാസം ആയിരുന്നു(24/06/2022 വരെ). സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 3 ഘട്ടങ്ങളിലായി 31/5/2023 വരെ പിഴ ഈടാക്കാതെ നീട്ടി നൽകിയിട്ടുള്ളതാണ്. ഈ പ്രവൃത്തിയിൽ പ്രധാനമായും 2600 മീറ്റർ 63mm പി.വി.സി., 400 മീറ്റർ 90mm പി.വി.സി പൈപ്പുകൾ സ്ഥാപിച്ച് 640 ഗാർഹിക കണക്ഷൻ നൽകുന്നതിന് വേണ്ടിയായിരുന്നു വിഭാവനം ചെയ്തിരുന്നത്.

പ്രവൃത്തി പുരോഗമിച്ചപ്പോൾ FHTC നൽകുന്നതിന് വിതരണശൃംഗല ദീർഘിപ്പിക്കേണ്ടത് ആവശ്യമായി വന്നു. Tendered PACൽ അധികരിക്കാതെ പൈപ്പ് ലൈൻ സ്ഥാപിച്ച് FHTC നൽകുവാൻ ഈ കാര്യാലയത്തിൽ നിന്നും അനുമതി നൽകുകയും അതിൻപ്രകാരം കരാറുകാരൻ 1322.70m പൈപ്പ് ലൈൻകൂടി അധികമായി സ്ഥാപിച്ച് 509 FHTC നൽകുകയും ചെയ്തു. പരാമർശം (2) പ്രകാരം കൂടുതൽ കണക്ഷൻ എടുക്കുവാൻ വീട്ടുകാർ തയ്യാറാകാത്തതിനാൽ ഫൈനൽ ബിൽ നൽകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. ഈ പ്രവൃത്തി ലക്ഷ്യപ്രാപ്തിക്ക് മുൻപ് പൂർത്തീകരിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിരിക്കുന്നു. കണക്ഷൻ വേണ്ട ആളുകളുടെ ലിസ്റ്റ് നൽകുവാൻ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് 25/10/2023, 30/11/2023, 11/1/2024 തീയതികളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും 16/1/2024 തീയതിയിൽ ഈ കാര്യാലയത്തിൽ നിന്നും കത്ത് നൽകിയെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലും, കരാറുകാരൻ പരാമർശം (2) പ്രകാരം നൽകിയ അപേക്ഷയുടെയും, പരാമർശം (3) പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശുപാർശ കത്തും പരിഗണിച്ച് ഈ പ്രവൃത്തി ലക്ഷ്യപ്രാപ്തിക്കു മുൻപേ റദ്ദ് ചെയ്തുകൊണ്ടും കൂടുതൽ FHTC 1, 2, 3 & 4 വാർഡുകളിൽ നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് സബ് ഡിവിഷൻ, പെരുമ്പാവൂർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

എക്സിക്യൂട്ടീവ് എഞ്ചിനീയർ.

**സ്വീകർത്താവ്**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
പി.എച്ച്. സബ് ഡിവിഷൻ, കെ.ഡബ്ല്യൂ.എ.,
പെരുമ്പാവൂർ.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കി റിപ്പോർട്ട് ചെയ്യുന്നതിലേയ്ക്കായി.

**ഉത്തരവിന്റെ പകർപ്പ് :**

1) സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.എച്ച്. സർക്കിൾ, കേരള വാട്ടർ അതോറിറ്റി, കൊച്ചി 11 ന്റെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.
2) Sri. Ubaidulla A M, Kizhakke Anjikath House, Vadacode, Kalamassery.
3) അസിസ്റ്റന്റ് എഞ്ചിനീയർ, പി.എച്ച്. സെക്ഷൻ,കെ.ഡബ്ല്യൂ.എ., കുന്നത്തുനാട്.